**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി II**

**ഭൂനികുതിയും ദേവസ്വവും**

**(SUBJECT COMMITTEE II**

**LAND REVENUE AND DEVASWOM)**

# 2024 - 25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

# REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS 2024 - 25

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]**

**[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2025 സെപ്റ്റംബർ 17 -ാം തീയതി സമർപ്പിച്ചത്**

**(Presented on 17 September 2025)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

സബ്ജക്റ്റ് കമ്മിറ്റി **II**

ഭൂനികുതിയും ദേവസ്വവും

**(SUBJECT COMMITTEE II**

**LAND REVENUE AND DEVASWOM)**

# **2024 - 25** സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

# **REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS 2024 - 25**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം **236 (5)** പ്രകാരമുള്ളത്]

**[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2025** സെപ്റ്റംബർ **17** -ാം തീയതി സമർപ്പിച്ചത്

**(Presented on 17 September 2025)**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്ട് കമ്മിറ്റി II

ഭൂനികുതിയും ദേവസ്വവും
(2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u>

ശ്രീ. കെ. രാജൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം</u>

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ – സഹകരണ - ദേവസ്വം വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u>

ഡോ. എൻ. ജയരാജ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സനീഷ് കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II ന്റെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 ജൂൺ 10 -ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 20.08.2025 -ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

15.09.2025 -ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു .

തിരുവനന്തപുരം,
2025 സെപ്റ്റംബർ 17

കെ. രാജൻ,
ചെയർപേഴ്സൺ
സബ്ജക്റ്റ് കമ്മിറ്റി II.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II -ന്റെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 മാർച്ച് 6 -ാം തീയതി ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിക്കുകയും 2024 ജൂൺ 10 -ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 20.08.2025 -ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അദ്ധ്യായം I ആയും മറുപടികൾ ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു .

## അദ്ധ്യായം I

**2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.**

ശിപാർശ

2029-00-101-99 – വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

ബഡ്ജറ്റ് വിഹിതം : 487.2313 കോടി രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടനികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിൽക്കുന്ന തുക മുഴവൻ അടച്ച തീർക്കുന്നതിനായി 2029-00-101-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ 2029-00-101-99-05(1) എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 1)

വില്ലേജ് ഓഫീസുകളിലെ ഉദ്യോഗസ്ഥർ ജോലിഭാരം കൂടുതൽ ഉള്ളവരും ഔദ്യോഗികമായ വിവിധ അടിയന്തര ആവശ്യങ്ങൾക്ക് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകുവാൻ ബാധ്യസ്ഥരുമാണ്. കേരളത്തിലെ വില്ലേജ് ഓഫീസുകൾ വലിയ തോതിൽ വാഹനക്ഷാമം നേരിടുന്നതിനാൽ അടിസ്ഥാന ആവശ്യങ്ങൾക്കും ജനങ്ങളുടെ പരാതികൾക്കും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കഴിയാതെ, വകുപ്പിന്റെ പ്രവർത്തനത്തിൽ കടുത്ത ആക്ഷേപം നേരിടുന്നതായി സമിതി മനസ്സിലാക്കിയതിനാൽ 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലും 2023 - 24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലും തുടർച്ചയായി ശിപാർശ നൽകിയിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം ഇതുവരെ അംഗീകരിക്കാത്ത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത ആവശ്യം മുൻനിർത്തി സ്ഥലപരിശോധന

ഉൾപ്പെടെയുള്ള ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 3 വില്ലേജ് ഓഫീസുകൾക്ക് ഒന്ന് എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി 2029-00-101-99-97 എന്ന ശീർഷകത്തിൽ 18.5 കോടി രൂപ അധികമായി ആവശ്യമുള്ളതായി വിലയിരുത്തുകയും ചെയ്യുന്നു.

(ഖണ്ഡിക 2)

ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ ആകെ 20.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

വില്ലേജ് ഓഫീസുകളുടെ കെട്ടിടനികുതി ഇനത്തിൽ 1.5 കോടി രൂപയുടെ അധികധനാനുമതിയ്ക്കായി പ്രൊപോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധികതുക അനുവദിക്കുകയുണ്ടായില്ല.

വില്ലേജ് ഓഫീസുകളുടെ വാട്ടർചാർജ്ജ് ഇനത്തിൽ 80 ലക്ഷം രൂപയുടെ അധികധനാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതിൽ 2 ലക്ഷം രൂപ അധികധനവിനിയോഗാനുമതിയായി അനുവദിക്കുകയുണ്ടായി.

വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനാവശ്യമായ 18 കോടി 50 ലക്ഷം രൂപ 2029-00-101-99-97 എന്ന ശീർഷകത്തിൽ അവസാനഘട്ട ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2029-00-103-95 – ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും
ബഡ്ജറ്റ് വിഹിതം : 7.50 കോടി രൂപ (പ്ലാൻ)

പതിനേഴ് വില്ലേജുകളിലെ ആധുനിക സർവ്വേ പ്രവർത്തനങ്ങളുടെ പൂർത്തീകരണം, ഐ.ടി. ഇൻഫ്രാസ്ട്രക്ചർ നവീകരണം, സി.എസ്.ഒ. യിലെ രേഖകളുടെ ഭൗതിക സംരക്ഷണം, 'എന്റെ ഭൂമി' പോർട്ടലിൽ ആർക്കൈവ്സ് റെക്കോഡുകൾ, ILMS, ബ്ലോക്ക് ചെയിൻ തുടങ്ങിയവ

നടപ്പിലാക്കൽ എന്നിവക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2029-00-103-95 ശീർഷകത്തിൽ 4.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

26.06.2024 ൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ - ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും പദ്ധതി പ്ലാൻ സ്കീമിൽ 2024-25 വർഷത്തിൽ ഏഴ് കോടി അമ്പത് ലക്ഷം രൂപക്ക് 15.07.2024 -ൽ സ. ഉ. (സാധാ)നം.1658/2024/റവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2029-00-103-95 എന്ന ശീർഷകത്തിൽ 4.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശയിന്മേൽ സർവ്വേ ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ചു. എന്നാൽ 2024-25 സാമ്പത്തികവർഷം 2029-00-103-95 എന്ന ശീർഷകത്തിൽ നിന്നും 3.46 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

<u>ശിപാർശ</u>

2053-00-094-37 — <u>സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്</u>
ബഡ്ജറ്റ് വിഹിതം : 37.38 ലക്ഷം രൂപ (നോൺ പ്ലാൻ)

സാമൂഹിക സന്നദ്ധസേന, യൂത്ത് ലീഡർഷിപ്പ് അക്കാദമി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച കോൺഫറൻസ് ഹാൾ നവീകരണം നടത്തി പ്രവർത്തനസജ്ജമാക്കുന്നതിനും ഓഫീസ് സാമഗ്രികൾ വാങ്ങുന്നതിനും കൂടാതെ, സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാതലത്തിൽ ഫീൽഡ് സന്ദർശനം, സർവ്വേ, സന്നദ്ധപ്രവർത്തകരുടെ ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവയ്ക്കായും വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2053-00-094-37 എന്ന

ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

നോൺ പ്ലാൻ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 37.38 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധികതുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ</u>

2250-00-102-99 — <u>1951 -ലെ മദ്രാസ് എച്ച്.ആർ. & സി.ഇ. നിയമം നടപ്പാക്കൽ</u> -
ബഡ്ജറ്റ് വിഹിതം : 3.9187 കോടി രൂപ (നോൺ_പ്ലാൻ)

ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്ഥലംമാറ്റ ബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 30,000 രൂപയും ജീവനക്കാർക്ക് അവധിയാത്രാനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 50,000 രൂപയും അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 2250-00-102-99-04.2 എന്ന ശീർഷകത്തിൽ 1.7 ലക്ഷം രൂപയും 2250-00-102-99-04.4 എന്ന ശീർഷകത്തിൽ 2.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.2 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-99 — <u>ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം.</u>
ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (നോൺ പ്ലാൻ)

2003-ലെ സ.ഉ.(കൈ)നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ

നൽകി വരുന്ന ഒരു കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2250-00-103-99 എന്ന ശീർഷകത്തിൽ 49.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-98 — <u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (നോൺ പ്ലാൻ)

കൊച്ചി ദേവസ്വം ബോർഡിനു കീഴിൽ ഉൾപ്പെട്ട 408 ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനത്തിനും ആവശ്യമായ തുക ദേവസ്വം ബോർഡിന്റെ തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2250-00-103-98 എന്ന ശീർഷകത്തിൽ 20.4814 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-91 - <u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ

വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി 2250-00-103-91 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 4.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-89 — <u>വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്</u>
ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

വഖഫ് ബോർഡിന്റെ വർദ്ധിച്ചുവരുന്ന ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 2250-00-103-89 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

ബഹു. സമിതി ശിപാർശ ചെയ്ത 2.6 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ച അവസരത്തിൽ ബന്ധപ്പെട്ട ശീർഷകത്തിലെ തുക പൂർണ്ണമായും വിനിയോഗിച്ചശേഷം ആവശ്യമായ വിശദാംശങ്ങൾ സമർപ്പിക്കുന്ന മുറക്ക് പരിശോധിക്കാവുന്നതാണെന്ന് ധനവകുപ്പ് അറിയിക്കുകയുണ്ടായി. 2024-25 സാമ്പത്തികവർഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ 90 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ ആദ്യ ഗഡുവായി 49,50,000/- രൂപയും രണ്ടാം ഗഡുവായി 10,00,000/- രൂപയും ഉൾപ്പെടെ ആകെ 59,50,000/- രൂപയാണ് വഖഫ് ബോർഡിന് അനുവദിച്ച് നൽകിയിട്ടുള്ളത്. സാമ്പത്തിക നിയന്ത്രണം കാരണം അവശേഷിച്ച തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ ബഹു. സമിതി

ശിപാർശ ചെയ്ത തുക ബോർഡിന് അനുവദിച്ച് നൽകുവാൻ കഴിഞ്ഞില്ലെന്ന വിവരം സവിനയം സമിതിയെ അറിയിച്ചുകൊള്ളുന്നു.

<u>ശിപാർശ</u>

2250-00-103-87 - മലബാർ ദേവസ്വം ബോർഡ്
ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം - 25.3852 കോടി രൂപ (നോൺ പ്ലാൻ)
(36) സഹായധനം- ശമ്പളേതരം-11.383 കോടി രൂപ (നോൺ പ്ലാൻ)
ആകെ — 36.7682 കോടി രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 6 കോടി രൂപയും ഉൾപ്പെടെ ആകെ 36 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-86 - ഉത്തര മലബാറിലെ കാവുകളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ അലവൻസ്
ബഡ്ജറ്റ് വിഹിതം : 5.3 കോടി രൂപ (നോൺ പ്ലാൻ)

ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായം 1,600/- രൂപ ആയി വർധിപ്പിക്കുന്നതായി ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ നിലവിലുള്ള 1,544 ആചാരസ്ഥാനികർക്കും 368 കോലധാരികൾക്കും പുറമേ പുതുതായി ചേർക്കപ്പെടുന്ന ഗുണഭോക്താക്കൾ ഉൾപ്പെടെ ഏകദേശം 3000 പേർക്ക് മേൽ നിരക്കിൽ പ്രതിമാസ അലവൻസ് നൽകുന്നതിനും 2023-24

സാമ്പത്തികവർഷത്തെ കുടിശ്ശിക അനുവദിക്കുന്നതിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2250-00-103-86 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.6722 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അധിക ധനാനുമതി മുഖേന വകയിരുത്തിയ 1,50,67,200/- രൂപ മലബാർ ദേവസ്വം ബോർഡിന് അനുവദിച്ചുകൊണ്ട് 26.03.2025-ലെ സ.ഉ. (സാധാ)നം. 743/2025/RD നമ്പർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാമ്പത്തികവർഷത്തിന്റെ അവസാന ദിവസങ്ങളിലെ നിയന്ത്രണങ്ങൾ മൂലം തുക മലബാർ ദേവസ്വം ബോർഡിന്റെ അക്കൗണ്ടിലേക്ക് മാറി നല്കുന്നതിന് സാധിച്ചില്ല. ടി തുക നടപ്പ് സാമ്പത്തികവർഷം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

2250-00-103-85 - മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : (36) -സഹായധനം-ശമ്പളേതരം-5.5 ലക്ഷം രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചു വരുന്ന ക്ഷേത്രകലാ അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും അധ്യാപകരുടെ ശമ്പളം, കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2250-00-103-85 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-80 – <u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് 9 കോടി രൂപ നൽകാനുണ്ടെന്നും തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ നിന്ന് 11 കോടി രൂപയുടെ പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2250-00-103-80 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അധിക ധനാനുമതി മുഖേന വകയിരുത്തിയ 3 കോടി രൂപ ഉൾപ്പെടെ ആകെ 4 കോടി രൂപ കൂടൽമാണിക്യം കുട്ടംകുളത്തിന്റെ നവീകരണത്തിനായി 06.07.2024 -ലെ സ.ഉ.(സാധാ)നം. 1565/2024/RD നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2250-00-103-77 – <u>കോവിഡ് 19 മായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക സഹായം</u> (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

കോവിഡ്, പ്രളയം എന്നിവയ്ക്ക് ശേഷം കൂടൽമാണിക്യം ദേവസ്വത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി ദേവസ്വം ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സ്, ആയുർവേദ റസിഡൻഷ്യൽ കോട്ടേജ് തുടങ്ങിയ പദ്ധതികൾ

ആരംഭിക്കുന്നതിനും ക്ഷേത്ര നവീകരണത്തിനുമായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, 2250-00-103-77 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-76 – <u>ശബരിമല ശുചീകരണ പ്രവൃത്തികൾ</u>

ബഡ്ജറ്റ് വിഹിതം : 1.4577 കോടി രൂപ (നോൺ പ്ലാൻ)

ശബരിമല മണ്ഡല, മകരവിളക്ക് സീസണുകളിൽ തീർത്ഥാടകരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ശബരിമലയിലും എരുമേലിയിലും മറ്റ് പരിസരപ്രദേശങ്ങളിലും ശുചീകരണം, അടിസ്ഥാന സൗകര്യം ഒരുക്കൽ, സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2250-00-103-76 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.0293 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-188-99 – <u>കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്</u>

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം - 1.5682 കോടി രൂപ (നോൺ പ്ലാൻ)
(36) സഹായധനം- ശമ്പളേതരം-40.14 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ — 1.9696 കോടി രൂപ (നോൺ പ്ലാൻ)

ജീവനക്കാർ, ഡെപ്യൂട്ടേഷൻ ജീവനക്കാർ, മുൻ ബോർഡ് മെംബർമാർ എന്നിവർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ആർജ്ജിതാവധി സറണ്ടർ എന്നിവ അനുവദിക്കുന്നതിനും 2250-00-188-99(31) എന്ന

ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി, ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ

5475-00-800-77-(01) — ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സ്മാർട്ട് റവന്യൂ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 49 കോടി രൂപ (പ്ലാൻ)

വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആക്കുന്നതിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 49 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും എന്നാൽ, ബഹു. ധനകാര്യവകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച, റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മിക്കുന്നതിന് ആവശ്യമായ 10 കോടി രൂപ അതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5475-00-800-77-(01) എന്ന ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

റവന്യൂ ഭവൻ നിർമ്മിക്കുന്നതിനാവശ്യമായ പ്രവൃത്തിയ്ക്കായി 5475-00-800-77-(01) എന്ന ശീർഷകത്തിൽ 10 കോടി രൂപയുടെ അധികധനവിനിയോഗാനുമതിക്കായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക 2024-25 സാമ്പത്തികവർഷം അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

5475-00-800-77-(03)— ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ - സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

സർവ്വേ ട്രെയിനിംഗ് സ്കൂളുകളിൽ ആധുനിക പഠനാന്തരീക്ഷം സൃഷ്ടിക്കൽ, സർവ്വേ മ്യൂസിയത്തിന്റെ നവീകരണം എന്നിവയ്ക്കായി 1.5 കോടി രൂപ അധികമായി ആവശ്യമുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന

വഴിയോ 5475-00-800-77-(03) എന്ന ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

26.06.2024 -ൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് "സർവ്വേ ട്രെയിനിങ് സ്കൂളുകളുടെ ആധുനികവത്കരണം" എന്ന പ്ലാൻ സ്കീമിൽ ഒരു കോടി അൻപത് ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിരുന്നു.

2024-25 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും 0.61 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

## അദ്ധ്യായം II

**2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ**

| **വകുപ്പ്** | **ഖണ്ഡിക** |
|---|---|
| റവന്യൂ വകുപ്പ് | 5 മുതൽ 8 വരെ |
| പൊതുഭരണ (ഏകോപനം) വകുപ്പ് | 10, 23 |

തിരുവനന്തപുരം,
2025 സെപ്റ്റംബർ 15

കെ. രാജൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി II.